സാമൂഹ്യക്ഷേമ വകുപ്പിലെ പ്രൊമോഷൻ

39 (612) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരേ കാലയളവിൽ സാമൂഹ്യക്ഷേമ വകുപ്പിൽ നിയമിതരായ എൽ. ഡി. സി. ക്കും, ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർക്കും 10 വർഷത്തിനുള്ളിൽ എത്ര പ്രൊമോഷൻ ലഭിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) എൽ.ഡി.സി.യെക്കാൾ ഉയർന്ന ശമ്പളമുണ്ടായിരുന്ന സൂപ്പർ വൈസർമാരുടെ മുകളിൽ വരത്തക്കവിധം സാമൂഹ്യക്ഷേമ വകുപ്പിലെ എൽ.ഡി.സി.യുടെ പ്രൊമോഷൻ വ്യവസ്ഥ ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(സി) സൂപ്പർവൈസർമാർക്ക് പ്രൊമോഷൻ ഇല്ലാതിരിക്കുമ്പോൾ എൽ.ഡി.സിക്ക് പെട്ടെന്ന് പ്രൊമോഷൻ ലഭിക്കുന്നത് സൂപ്പർവൈസർമാരുടെ അർഹമായ പ്രൊമോഷൻ സാധ്യതയെ പ്രതികൂലമായി ബാധിക്കുമെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഒരേ കാലയളവിൽ സാമൂഹ്യക്ഷേമ വകുപ്പിൽ നിയമിതരായ എൽ.ഡി.സി.ക്കും സൂപ്പർവൈസർമാർക്കും 10 വർഷത്തിനുള്ളിൽ ഓരോ പ്രൊമോഷൻ ലഭിക്കുന്നുണ്ട്.

(ബി) എൽ.ഡി.സി.യെക്കാൾ ഉയർന്ന ശമ്പളമുണ്ടായിരുന്ന സൂപ്പർ വൈസർമാരുടെ മുകളിൽ വരത്തക്കവിധം സാമൂഹ്യക്ഷേമ വകുപ്പിൽ എൽ.ഡി.സി.യുടെ പ്രൊമോഷൻ വ്യവസ്ഥ ചെയ്തിട്ടില്ല.

(സി) ഇല്ല.

ഐ.സി.ഡി.എസ് സൂപ്പർവൈസർമാരുടെ റാങ്ക് ലിസ്റ്റ്

40 (613) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ;

(ബി) ഇതിൽ നിന്നും എത്ര പേരെ നിയമിച്ചിട്ടുണ്ടെന്ന് പറയാമോ ;

(സി) ഈ തസ്തികയിൽ പ്രൊമോഷൻ നിയമനം നടത്താറുണ്ടോ ;

(ഡി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഇ) സൂപ്പർവൈസർ തസ്തികയിലുള്ള ഒഴിവുകളെല്ലാം അടിയന്തിരമായി നികത്തുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly